"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം -12.12. 2018 തീയതിയിലെ ജി.ഒ.( എം. എസ് )നം 184/2018/ത.സ്വ.ഭ.വ നമ്പർ ശമ്പള പരിഷ്കരണം ഉത്തരവ്- വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ ( ഇ .യു ) വകുപ്പ്

G.O.(Ms) No.175/2020/LSGD തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 12.12.2018 തീയതിയിലെ ജി.ഒ.( എം. എസ് )നം 184/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയക്ടറുടെ 03.06.2019 ലെ ഡികെ.എസ്.എ-1127/R1/ 2019 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ നഗരസഭ വൈദ്യുത വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ഇ.ബി ജീവനക്കാരുടേതിന് സമാനമായി പരിഷ്കരിച്ചുകൊണ്ടുള്ള ഒന്നാം പരാമർശിത സർക്കാർ ഉത്തരവിൽ പ്രാബല്യ തീയതി ,ഗ്രേഡ് പ്രൊമോഷൻ, സംരക്ഷണ തുക (Protected amount), റീ-ഓപ്ഷൻ, റെന്റ് റിക്കവറി (Rent Recovery), തുക പിൻവലിക്കൽ എന്നീ വിഷയങ്ങളിൽ അവ്യക്തതകൾ നില നിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ തൃശ്ശൂർ കോർപ്പറേഷൻ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 2 പ്രകാരം വ്യക്തത ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുത വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം വ്യക്തത വരുത്തി ഉത്തരവാകുന്നു.

1) പ്രാബല്യ തീയതി

സൂചന ഉത്തരവിലെ വർക്ക്മെൻ വിഭാഗത്തിന്റെ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.08.2008 എന്നതിനുപകരം 01.08.2013 തീയതിയും ആഫീസേഴ്സ്

കാറ്റഗറിയുടെ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി, മുൻകാല ശമ്പള പരിഷ്കരണങ്ങളിലേതു പോലെ, കെ.എസ്.ഇ.ബിയിലെ ആഫീസേഴ്സ് കാറ്റഗറിയുടെ നിലവിലെ ശമ്പളപരിഷ്കരണത്തിന്റെ തീയതിയായ 01.07.2013 തീയതിയും പ്രാബല്യ തീയതിയായി നിശ്ചയിയ്ക്കുന്നു.

2.ഗ്രേഡ് പ്രൊമോഷൻ

ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച് മുൻ ശമ്പളപരിഷ്കരണത്തിൽ അനുവദിച്ചിട്ടുള്ള പോലെ നിലവിലെ രീതി തുടരേണ്ടതാണ്.

3. സംരക്ഷണ തുക (Protected amount)

പരാമർശം 1 ലെ ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ലാത്തതിനാൽ ടി ആനുകല്യത്തിന് ജീവനക്കാർക്ക് അർഹതയുണ്ടായിരിയ്ക്കുന്നതല്ല .

4. റീ ഓപ്ഷൻ (Re-option )

കെ.എസ്.ഇ.ബി.യിലെ ലോങ് ടേം സെറ്റിൽമെന്റ് (Long Term Settlement )ന്റെ ആർട്ടിക്കിൾ -IV (ബി) സി.7 പ്രകാരം ഓപ്ഷൻ ആനുകൂല്യം അനുവദിച്ചിട്ടില്ലാത്തതിനാൽ റീ - ഓപ്ഷനും അനുവദനീയമല്ല.

5.റെന്റ് റിക്കവറി (Rent recovery)

01.08.2008 തീയതി പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ടുള്ള ജി.ഒ. (പി) നം.85/2011/ധന ഉത്തരവിലെ ഖണ്ഡിക 14 ലെ വ്യവസ്ഥയാണ് റെന്റ് റിക്കവറിക്ക് ബാധകമായിട്ടുള്ളത്. ആയതിനാൽ "റെന്റ് റിക്കവറി" സംബന്ധിച്ച് 20/01/2016 ജി.ഒ.(പി)നം.07/2016/ധന ഉത്തരവിലെ ഖണ്ഡിക 15ലെ നിബന്ധന പാലിക്കേണ്ടതാണ്.

6. തുക പിൻവലിക്കൽ

തൃശ്ശൂർ നഗരകാര്യ വൈദ്യുത വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 12.12.2018 തീയതിയിൽ ആയതിനാൽ ടി ജീവനക്കാരുടെ ജി.പി.എഫിൽ നിന്നും ശമ്പള പരിഷ്കരണ കുടിശ്ശിക പിൻവലിക്കുന്നതിനുള്ള സമയപരിധി 01.06.2020 മുതൽ ആയിരിയ്ക്കും.

പരാമർശം 1 ലെ ഉത്തരവ് മേൽ വ്യക്തതയോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുത വിഭാഗം ( നഗരകാര്യ ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ